ഗവൺമെൻറ് ആശുപത്രികളിലെ ഡോക്ടർമാർ

557 [812] ശ്രീ. പി.ആർ. കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെൻറ് ആശുപത്രികളിൽ ആകെ എത്ര ഡോക്ടർമാർ ഉണ്ട്;

(ബി) ഡെപ്യൂട്ടേഷനിൽ പോയവർ എത്ര;

(സി) ഡെപ്യൂട്ടേഷൻ തുടർന്നു പോകുന്നതുമൂലം നല്ല ഡോക്ടർമാരുടെ സേവനം പൊതുജനങ്ങൾക്ക് നഷ്ടപ്പെടാൻ കാരണമാകുന്നുണ്ടെന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) മെഡിക്കൽകോളേജിലെ റഗുലർ സ്റ്റാഫ് കൂടാതെ സംസ്ഥാന ആരോഗ്യവകുപ്പിൻെറ കീഴിൽ 2,169 ഡോക്ടർമാർ ഉണ്ട്.

(ബി) കേന്ദ്ര ഗവൺമെൻറ് വിദേശത്തേയ്ക്ക് തിരഞ്ഞെടുത്തിട്ടുള്ള 71 പേരുൾപ്പെടെ ആകെ 177 പേർ.

(സി) ഇല്ല. ഡെപ്യൂട്ടേഷനിൽ പോകുന്നവർക്കു പകരം തുല്യ യോഗ്യതയുള്ള ഡോക്ടർമാരെ നിയമിക്കാൻ സാദ്ധ്യമാകുന്ന സാഹചര്യത്തിൽ മാത്രമേ ഡെപ്യൂട്ടേഷൻ അനുവദിക്കാറുള്ളൂ.

ആയുർവ്വേദ ചികിൽസാ കേന്ദ്രങ്ങൾ

558 [813] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

അറബികൾക്കു ആയുർവ്വേദ ചികിൽസയിലുള്ള താൽപ്പര്യത്തെ മുൻനിർത്തി അവരെ കേരളത്തിലേക്കു ആകർഷിക്കുന്നതിനായി കോവളത്തും, തേക്കടിയിലും അവർക്കു വേണ്ടി പ്രത്യേക ആയുർവ്വേദ ചികിൽസാ കേന്ദ്രം ആരംഭിക്കുമോ?

ഉത്തരം

കോവളത്ത് ഇന്ത്യൻ ടൂറിസം ഡവലപ്പ്മെൻറ് കോർപ്പറേഷൻെറ ആഭിമുഖ്യത്തിൽ ഒരു ആയുർവ്വേദ ചികിൽസാകേന്ദ്രം നടത്തി വരുന്നുണ്ട്. തേക്കടിയിലും ഇത്തരമൊരു കേന്ദ്രം ആരംഭിക്കാമോ എന്നു കോർപ്പറേഷൻ പരിഗണിക്കേണ്ടതാണ്.

ഫാർമസിസ്റ്റ് സ്കൂൾ

559 [814] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫാർമസിസ്റ്റുമാരുടെ ക്ഷാമം പരിഹരിക്കുന്നതിന് ഒരു പുതിയ ഫാർമസിസ്റ്റ് സ്കൂൾ തൃശ്ശൂർ ജില്ലാ ആശുപത്രിയോടനുബന്ധിച്ചു തുടങ്ങുമോ?

LIBRARY ARCHIVES Kerala Legislative Assembly.